# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി /പി 8/1762/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

) ഡയറക്ടർ, കേരള സസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ കെ കെ ഡി /പി 8/1762/2021 തീയ്യതി: 27/12/2021

## കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-12-2019 മുതൽ 04-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്) | 06-12-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ .ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.സതീഷ്കുമാർ സി.പി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ.ജാസിർ സി.എം.ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി ഓഡിറ്റർ

ശ്രീമതി.അപർണ്ണ ഡി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശോഭ. കെ.എം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. എ.ടി. മനോജ്കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അനി പി.ടി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ശ്രീ. ദിലീപ് കുമാർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിതകുമാരി പി.ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുമിത.കെ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീ. മുരളീധരൻ ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 31-07-2019 | 31-03-2020 |
| ശ്രീമതി. ജീജ.കെ.എം. | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. പി. | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. പി.പി അനിത. | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ശ്യാംചന്ദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീജ എൻ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 17-09-2019 |
| ശ്രീ.അബ്ദുൾസലീം എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 17-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 10-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 23-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 10-12-2021)<br>Last Updated By: Vasudevan M (Deputy Director, On 23-12-2021) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 12-12-2021)<br>Last Updated By: Vasudevan M (Deputy Director, On 23-12-2021) | 1-3 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 23-12-2021) | 1-4 |
| 6 | പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 10-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasir C M (Auditor, On 12-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-6 |
| 8 | നിയമ വിരുദ്ധമായി തനത് ഫണ്ട് ചെലവുകൾ നിർവ്വഹിച്ചു.<br>Written By: Gireeshan Parappoyil (Audit Officer (HG), On 12-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-7 |
| 9 | വരവ് തുകകൾ അക്കൌണ്ടിൽ ഒടുക്കിയതിലെ അപാകതകൾ.<br>Written By: Aparna D (Auditor, On 10-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-8 |
| 10 | കൃഷി- ചുമതലകൾ നിറവേറ്റപ്പെടുന്നില്ല<br>Written By: Srijith K.V (Auditor, On 12-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-9 |
| 11 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 11-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-10 |
| 12 | ആവശ്യമായ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭ്യമാക്കാത്തതിനാൽ ഫണ്ട് ലാപ്സായി<br>Written By: SathishKumar C P (Asst. Audit Officer, On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-11 |
| 13 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല<br>Written By: SathishKumar C P (Asst. Audit Officer, On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-12 |
| 14 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-13 |
| 15 | വർഷങ്ങൾ കഴിഞ്ഞും പണി പൂർത്തീകരിച്ചില്ല : നടപടികൾ സ്വീകരിച്ചില്ല<br>Written By: SathishKumar C P (Asst. Audit Officer, On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 1-14 |
| 16 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Jasir C M (Auditor, On 10-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 07-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 07-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Gireeshan Parappoyil (Audit Officer (HG), On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Gireeshan Parappoyil (Audit Officer (HG), On 08-12-2021)<br>Last Updated By: Vasudevan M (Deputy Director, On 24-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ

6.02.2019 തീയതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിച്ച സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 13.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം മിനിട്സിൽ രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 68,18,032 |
| വരവ് | 57103196 |
| ആകെ | 6,39,21,228 |
| ചെലവ് | 5,74,75,765 |
| നീക്കിയിരിപ്പ് | 6445463 |

എ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബി) വാർഷിക പദ്ധതിക്കുള്ള ബജറ്റ് അടങ്കൽ വാർഷിക പദ്ധതി അടങ്കലുമായി പൊരുത്തമില്ല .

12.12.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 4.55 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിക്കാണ് സ്ഥാപനം അംഗീകാരം നല്കിയത്. (പദ്ധതിക്ക് ഡി പി സി അംഗീകാരം ലഭ്യമായതിന്റെ രേഖ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.) എന്നാൽ വാർഷിക പദ്ധതിക്ക് ചെലവ് വകയിരുത്തുന്ന ബജറ്റിന്റെ ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ 5.28 കോടി രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. 73 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യാതെയാണ് ബജറ്റിൽ തുക വകയിരുത്തിയതെന്ന് കാണാം.

വർഷാവസാനം ബജറ്റ് പുതുക്കിയപ്പോഴും അപാകത ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അന്തിമവാർഷിക പദ്ധതി പ്രകാരം 5.97 കോടിയുടെ പദ്ധതികൾക്ക് സ്ഥാപനം പുതുക്കി അംഗീകാരം വാങ്ങിയപ്പോൾ പുതുക്കിയ ബജറ്റിന്റെ ഷെഡ്യൂൾ 9, 12എന്നിവ പ്രകാരം ആകെ 5.36 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്. അതായത് 61 ലക്ഷം രൂപയുടെ പദ്ധതികൾക്ക് തുക വകയിരുത്തിയത് ബജറ്റിന് പുറത്താണെന്ന് കാണാം. ഇപ്രകാരം ഉൾപ്പെടുത്തിയ പ്രോജക്ടുകൾക്ക് തുക വിനിയോഗിച്ചെങ്കിൽ അത് ബജറ്റ് അംഗീകാരമില്ലാതെയാണെന്നും വ്യക്തമാണ്.

കൂടാതെ താഴെ പറയുന്ന സർക്കാർ ഗ്രാന്റിനങ്ങളിൽ വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയും

ബജറ്റിൽ (ഷെഡ്യൂൾ 4, 7 എന്നിവ പ്രകാരം) വരുമാനമായി പരിഗണിച്ച തുകയും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാന്റിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ബജറ്റ് ഷെഡ്യൂൾ 4, 7 എന്നിവ പ്രകാരം വകയിരുത്തിയ തുക | വാർഷിക പദ്ധതിയെ അപേക്ഷിച്ച് കുറവ് /കൂടുതൽ |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് (ജനറൽ) | 36265000 | 18300000 | (-)5746000 |
| 2 | എസ് സി പി | | 12219000 | |
| 3 | മെയിന്റനൻസ് ഗ്രാന്റ് | 1400000 | 3144000 | (+)1744000 |
| ആകെ | | 37665000 | 33663000 | (-)4002000 |

മേല്പറഞ്ഞതിൽ നിന്നും വാർഷിക പദ്ധതിക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റ് പൂർണ്ണമായും ധനസ്രോതസ്സായി ബജറ്റിൽ പരിഗണിച്ചിട്ടില്ലെന്ന് കാണാം. 40.02 ലക്ഷം രൂപയുടെ വ്യതിയാനം ഇവ തമ്മിലുണ്ട്.

സി) തനത് ഫണ്ട് വകയിരുത്തിയതിലും പൊരുത്തക്കേട്

സ്ഥാപനത്തിന്റെ ബജറ്റിൽ വാർഷിക പദ്ധതിക്ക് 1271765/- രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയിട്ടുണ്ട്. എന്നാൽ 840000/- രൂപ മാത്രമാണ് അംഗീകരിച്ച വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളൂ. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ടിൽ നിന്നും 11839354/- രൂപ വകയിരുത്തിയെങ്കിലും അന്തിമവാർഷിക പദ്ധതി വകയിരുത്തൽ 1144400/- രൂപ മാത്രമായി മാറി.

ഡി) ബജററിൽ നിന്നുള്ള വ്യതിയാനം -ബജറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേ.പ.രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 210 എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 2040000 | 1990000 | 2215850 |
| 2 | 220 അഡ്മിനിസ്ട്രേറ്റീവ് | 1205000 | 721000 | 1020386 |

| | | | | |
|---|---|---|---|---|
| | ചെലവുകൾ | | | |
| 3 | 230 ഒ & എം ചെലവുകൾ | 440000 | 280000 | 726743 |

ക്രമ നം 1, 3 എന്നിവയുടെ കാര്യത്തിൽ ബജറ്റ്/പുതുക്കിയ ബജറ്റ് പ്രൊവിഷനേക്കാൾ കൂടുതലാണ് ചെലവുകൾ. ക്രമ നം 2 ന്റെ കാര്യത്തിൽ ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷൻ കുറഞ്ഞു. എല്ലാത്തിന്റേയും കാര്യത്തിൽ ബജറ്റ് അനുമതിയില്ലാതെ ചെലവ് നടത്തിയതായി കാണാം.

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിലെ ബജറ്റുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 26.02.2021 | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 6629596/- രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.
2. ബി.11ലെ Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc.) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. വിവധ അക്കൌണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റേഷണറി ഇനങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എ.എഫ്.എസ്. ൽ രേഖപ്പെടുത്തിയിട്ടില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോം വിൽപ്പനയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം വാറ്റ്, ജി.എസ്.ടി (C.G.S.T&S.G.S.T) എന്നീ ഇനങ്ങളിൽ 25726/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്.
8. Sale Of Scrap ഇനത്തിൽ 11352/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്ററുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 28107000 | 28107000 | 16811160 | 11295840 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9719000 | 9719000 | 2911325 | 6807675 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3677000 | 3677000 | 2726262 | 950738 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 4493000 | 4493000 | 4493000 | 0 |

### ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസന ഫണ്ട് ജനറൽ ഉത്പാദനം | 80250486 | 7440150 |
| സേവനം | 70066430 | 21374224 |
| പശ്ചാത്തലം | 5303634 | 4803634 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 22407555 | 8421115 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 7213440 | 248807 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9268121 |
| വരവ് | 27664557 |
| ആകെ | 36932678 |
| ചെലവ് | 27325336 |
| നീക്കിയിരിപ്പ് | 9607342 |

## 1-5 പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 81 | 59679801 | 45 | 22593304 | | 36 | |

പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പ്രൊജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും, അവയുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) പ്രൊജക്ടുകൾ മിക്കതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക്

വിവിധ മേഖലകളിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത് നിർവ്വഹിച്ച പദ്ധതികൾ മിക്കതും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സ്ഥാപനത്തിന്റെ മേഖലാപരമായ ചുമതലകളിൽ പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ | മേഖല | നിർവ്വഹണോ | ആസൂത്രണം | മേഖലയിലെ | ഉത്തരവാദി |
|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | നം | | ദ്യോഗസ്ഥൻ | നടത്തിയ പ്രോജക്ടുകൾ | ചുമതലകൾ (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1) , പട്ടിക 4 പ്രകാരമുള്ളത്) | ത്തങ്ങളിൽ നിന്നുള്ള വ്യതിയാനം | |
| | 1 | കാർഷികം | കൃഷി അസി. ഡയറക്ടർ | 1)പ്രൊ നം 9- നെൽകൃഷി കൂലിചെലവ് 2) കർഷക ഗ്രൂപ്പുകൾക്ക് കാടുവെട്ട് യന്ത്രങ്ങൾ നല്കൽ | എ) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതി കൾക്കായി കൃഷിക്കാരെ പരിശീലി പ്പിക്കുക ബി)ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക സി)കാർഷിക പ്രദർശനങ്ങൾ നടത്തുക ഡി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തി നുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക ഇ) കാർഷിക വായ്പ | ക്രമ നം (ബി) ഒഴികെയുള്ള ഉത്തരവാദി ത്തങ്ങൾ നിറവേറ്റ പ്പെട്ടില്ല. പകരം നിയമ പ്രകാരമുള്ള മേഖലാ പരമായ ഉത്തരവാ ദിത്വത്തിന് പുറത്തുള്ള കൂലിച്ചെലവ് നല്കി | |

| | | | | | |
|---|---|---|---|---|---|
| | | | | സ്വരൂപിക്കുക എഫ്) പട്ടണത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുക | |
| 2 | മൃഗസം രക്ഷണവും ക്ഷീരോത്പാദനവും | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1)ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 2)ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി (വനിത) 3) ചാണകം ഉണക്കി പ്പൊടിക്കുന്ന യൂണിറ്റ് | 1)വെറ്റിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങളും നടത്തുക 2)മൃഗസംരക്ഷണത്തിൽ വിദഗ്ദസേവനം നല്കുക 3) കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക | ഉത്തരവാദപ്പെട്ട മേഖലകളിൽ ഇടപെടൽ ഇല്ല. എല്ലാ പ്രൊജക്ടുകളും നിയമ പ്രകാരമുള്ള മേഖലാ പരമായ ഉത്തരവാദിത്വത്തിന് പുറത്തുള്ളവ |
| 3 | ചെറുകിട ജലസേചനം | കൃഷി അസി. ഡയറക്ടർ | പ്രൊജക്ടുകളില്ല. എന്നാൽ പ്രോജക്ട് 82 പ്രകാരം ചെങ്ങോട്ട്കാവ് പഞ്ചായത്തിലെ പൊയിൽക്കാവ് മങ്ങാട്ട് പാറക്കുളം ജല സംഭരണിക്കായി 5 ലക്ഷം രൂപ എ എക്സ് ഇ വകയിരുത്തിയിട്ടുണ്ട് | ഒന്നലധികം ഗ്രാമപഞ്ചായത്തുകൾ ക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക | പ്രശ്നങ്ങൾ പരിശോധിക്കുകയോ പരിഹരിക്കുകയോ ചെയ്തിട്ടില്ല. |
| 4 | മത്സ്യ | ഫിഷറീസ് | 1) കടൽ മത്സ്യ | പരമ്പരാഗത | പ്രശ്നങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | ബന്ധനം | സബ് ഇൻസ്പെക്ടർ | തൊഴിലാളികൾക്ക് മത്സ്യബന്ധന വല നല്കൽ | കടവുകളുടെ വികസനം | പരിശോധിക്കുകയോ പരിഹരിക്കുകയോ ചെയ്തിട്ടില്ല |
| | 5 | ചെറുകിട വ്യവസായം | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1) പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വനിത) 2)സ്വയം തൊഴിൽ -ഓട്ടോറിക്ഷ പിക്ക് അപ്/ ഓട്ടോറിക്ഷ 3)മാലിന്യ സംസ്കരണം സൂപ്പർ MRF മെഷിനറി സ്ഥാപിക്കൽ | 1)മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക 2)വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക 3)SSIയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക | മേഖലാ പരമായ ഉത്തരവാദിത്വങ്ങൾ ഭാഗികമായി പരിഗണിച്ചു |
| | 6 | ഭവന നിർമ്മാണം | സെക്രട്ടറി | ഭവന നിർമ്മാണത്തിനായി (സ്ഥലം വാങ്ങൽ ഉൾപ്പടെ) 6 പദ്ധതികൾക്ക് അംഗീകാരം വാങ്ങി | 1) ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക 2) ഭവന നിർമ്മാണം സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക | ക്രമനം 2 പ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെട്ടില്ല |
| | 7 | വിദ്യുച്ഛക്തിയും ഊർജ്ജവും | അസി.എക്സി. എഞ്ചിനീയർ | പ്രോജക്ടുകളില്ല. | 1)പാരമ്പേര്യതര ഊർജ്ജ്യ | പാരമ്പേര്യതര ഊർജ്ജ്യ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സ്രോതസ്സുകൾ വികസിപ്പിക്കുക | സ്രോതസ്സുകൾ വികസിപ്പിക്കുകയെന്നത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഊർജ്ജ നയമായിട്ടും യാതൊരു പ്രാധാന്യവും നല്കിയില്ല | |
| | 8 | വിദ്യഭ്യാസം | സെക്രട്ടറി | പ്രോജക്ടുകളില്ല. | സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് | സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമില്ല | |
| | 9 | പൊതു മരാമത്ത് | അസി.എക്സി. എഞ്ചിനീയർ/ എ ഇ | നിയമത്തിൽ പരാമർശിച്ച റോഡുകൾ നിലവിൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ല.എന്നാൽ വിവിധ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലും, അതത് പഞ്ചായത്തുകളുടെ അതിർത്തിക്കുള്ളിൽ മാത്രം ഒതുങ്ങുന്നതുമായ 8 റോഡ് പ്രവൃത്തികൾക്ക് പ്രോജക്ടുകൾ | 1)ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും സ്ഥാപനത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക 2) സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപന | ക്രമനം 1 പ്രകാരമുള്ള ഉത്തരവാദിത്വം പൂർണ്ണമായും അവഗണിക്കപ്പെട്ടു. സ്വന്തം ആസ്തികളുടെ പുനരുദ്ധാരണ ആവശ്യകത പരിഗണിക്കാതെ മറ്റ് സ്ഥാപന ആസ്തികളിൽ തുക വിനിയോഗിച്ച | |

| | | | | | |
|---|---|---|---|---|---|
| | | | തയ്യാറാക്കി യിട്ടുണ്ട്. | ങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക | |
| 10 | പൊതുജനാ രോഗ്യവും ശുചീകരണവും | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 4 പ്രോജക്ടു കളിൽ 2 എണ്ണം Chc നടത്തിപ്പ് ചെലവുകൾക്ക് | 1)ബ്ലോക്ക് പഞ്ചായത്തി നുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായ ങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക | ആവശ്യമായ ഇടപെടൽ നടത്തുന്നു |
| 11 | സാമൂഹ്യ ക്ഷേമം | സി ഡി പി ഒ | 3 പ്രൊജക്ടുകൾ നടപ്പിലാക്കി | ഐസിഡി എസുകൾ നടത്തുക | -- |
| 12 | ദാരിദ്ര്യ നിർമ്മാർ ജ്ജനം | സെക്രട്ടറി | പ്രോജക്ടു കളില്ല. | 1) ഗ്രാമപഞ്ചായ ത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക 2) പാവപ്പെട്ട വർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പി ക്കുകയും ദാരിദ്ര്യ | ക്രമനം 1 പ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റ പ്പെടുന്നില്ല തൊഴിലുറപ്പ് പദ്ധതിയിലൂടെ ക്രമനം 2 പ്രകാരമുള്ളത് പരിഗണി ക്കപ്പെടുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നല്കുകയും ചെയ്യുക | |
| 13 | പട്ടികജാതി പട്ടിക വർഗ്ഗ വികസനം | പട്ടിക ജാതി വികസന ഓഫീസർ | പ്രോജക്റ്റുകളില്ല. | 1)പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക<br>2) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക | സ്ഥാപനപരിധിയിൽ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ ഇല്ല. ക്രമനം 2 പ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല |
| 14 | സഹകരണം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | പ്രോജക്റ്റുകളില്ല. | 1)ബ്ലോക്ക് പഞ്ചായത്ത് അതിർത്തികളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക<br>2)സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | പ്രവർത്തനങ്ങളില്ല |

മേൽ പരാമർശിച്ച മേഖലാപരമായ ചുമതലകളല്ലാതെ പൊതുവായ ചില ചുമതലകളും നാലാം പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് തലത്തിൽ സർക്കാർ,സർക്കാതിര സാങ്കേതിക വൈദഗ്ദ്യം ഉപയോഗപ്പെടുത്തുക
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതികസഹായം നല്കുക
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക

മേല്പറഞ്ഞതിൽ ക്രമനമ്പർ 1, 2 എന്നിവ സാധ്യമാകാൻ പ്രോജക്ടുകൾ നിർബന്ധമല്ല. എന്നാൽ സാങ്കേതികത്വം പരിശീലിപ്പിക്കാൻ പ്രൊജക്ടുകൾ ആവശ്യമാണെന്നും കാണാം. കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, വിദ്യഭ്യാസം തുടങ്ങിയ മേഖലകളിൽ ഇത്തരത്തിലുള്ള സാങ്കേതിക വൈദഗ്ദ്യം, സാങ്കേതിക സഹായം കൈമാറേണ്ടത് മേഖലകളുടെ വികാസത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇതിനാവശ്യമായ ശ്രമങ്ങളോ പ്രോജക്ടുകളോ സ്ഥാപനം പരിഗണിച്ചിട്ടില്ല. പൊതുവായ ചുമതലകളിൽ ക്രമനം 3 പ്രകാരമുള്ള ചുമതലയിലും, സബ്സിഡ് മാർഗ്ഗരേഖയിലെ സാധ്യതകളിലും ഊന്നിയാണ് വാർഷിക പദ്ധതി രൂപീകരിച്ചിരിക്കുന്നതെന്ന് അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. ഇതുകൊണ്ട് തന്നെ മിക്ക മേഖലകളിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. ഇത് ഈ മേഖലകളുടെ വികാസത്തിന് തടസ്സം നില്ക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

2) വാർഷിക പദ്ധതി ചെലവ് കുറഞ്ഞു -സർക്കാർ ഗ്രാനിറിനത്തിൽ 1.95 കോടി രൂപ നഷ്ടപ്പെട്ടു

81 പ്രൊജക്ടുകൾക്കായുള്ള 5.97 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 2.26 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ഗ്രാന്റിനങ്ങളിലും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 28107000 | 16811160 | 11295840 |
| Scp | 9719000 | 2911325 | 6807675 |
| മെയിന്റനൻസ് റോഡിതരം | 3677000 | 1958524 | 1718476 |
| ആകെ | | | 19821991 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 19821991 കോടി രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ മേൽപറഞ്ഞതിൽ 1.5 ലക്ഷം രൂപ 2018-19 വർഷത്തെ ക്യൂബിൽ തുക നൽകിയതാണ്. കൂടാതെ ഓഡിറ്റ് വർഷത്തിൽ 1788862/- രൂപയുടെ ചെലവ് ക്യൂബിൽ ആയി മാറുകയും 2020-21 വർഷത്തിൽ നല്കുകയും ചെയ്തതായി സ്ഥാപനം വിശദീകരിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിക്കുമ്പോൾ യഥാർത്ഥ നഷ്ടം 19533129/- രൂപയാണെന്ന് കാണാം.

3) വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതം

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ അടിസ്ഥാനപരവും നിർണ്ണായകവുമായ പ്രവർത്തനം നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഓഡിറ്റ് വർഷത്തിൽ നിഷ്ക്രിയമായിരുന്നെന്ന് ഗ്രൂപ്പുകളുടെ മിനിട്സുകൾ സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിന് മാത്രമായി 2018 ഡിസംബർ മാസത്തിൽ ഒരു യോഗം ചേർന്നതിന് ശേഷം തൻവർഷത്തെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് യോഗങ്ങളൊന്നും തന്നെ സ്ഥാപനം ചേർന്നിട്ടില്ല. അടുത്തയോഗം 2020ജനുവരി മാസത്തിൽ ചേർന്നെങ്കിലും 2020-21 വർഷത്തെ പദ്ധതി ആസൂത്രണത്തിനായാണ് ഇത് ചേർന്നിരിക്കുന്നത്. ക്രമ നമ്പർ 1 ആയി സൂചിപ്പിച്ച ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള വ്യതിയാനത്തിനും, ക്രമനമ്പർ 2ആയി സൂചിപ്പിച്ച ഫണ്ട് നഷ്ടത്തിനുമുള്ള പ്രധാന കാരണങ്ങളിലൊന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രാഹിത്യമാണെന്ന് കാണാം.

4) പ്രൊജക്ടുകൾ സ്റ്റാറ്റസ് റിപ്പോർട്ടുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നവയല്ല

ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. 2018-19 വർഷത്തെ റിപ്പോർട്ട് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായ തരത്തിൽ പൂർണ്ണതയുള്ള അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ലെങ്കിലും യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിൽ സ്ഥാപനം ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. എന്നാൽ കണ്ടെത്തിയ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകളല്ല സ്ഥാപനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിരിക്കുന്നത്. കാർഷിക മേഖല ഇതിന് ഉത്തമോദാഹരണമാണ്.

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-7 നിയമ വിരുദ്ധമായി തനത് ഫണ്ട് ചെലവുകൾ നിർവ്വഹിച്ചു.

2019-20 വർഷത്തെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊതു അപാകതകൾ ആവർത്തിക്കുന്നു .

2019-20 വർഷത്തെ ബിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ , വൗച്ചർ ലിസ്റ്റ് തയ്യാറാക്കുകയോ

ചെയ്തിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നു. മേൽ അപാകതകൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചവയാണ്. ആയത് പരിഹരിക്കുന്നതിന് സ്ഥാപനം സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല .</u>

സാംഖ്യ റിപ്പോർട്ട് പ്രകാരം 2019 ജൂലായ് മാസത്തിൽ 21900094 മുതൽ 21900114 വരെ നമ്പറായുള്ള 21 ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വൗച്ചറുകൾ മുഖേന 219075 രൂപ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനോട് സ്ഥാപനം പ്രതികരിച്ചിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പിൽ അക്കൗണ്ടന്റ് വരുത്തിയിട്ടുള്ള വീഴ്ച ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. വൗച്ചറുകൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണ്.

<u>കൊട്ടേഷൻ നടപടിയില്ലാതെ വാങ്ങൽ നടപടി - ചെലവ് രേഖകളിൽ അവ്യക്തത .</u>

വൗച്ചർ നം- 21900282 തി. 30-12-2019, ചെക്ക് നം- 5294380, 18-12-2019 ഓഫീസ് നവീകരണത്തിന്റെ ഭാഗമായി BSNL മോഡം മാറ്റി സ്ഥാപിച്ചതിന്റെ ചെലവായി 15000 രൂപ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.ഉസ്മാൻ.സി.ഇ ക്ക് നൽകിയിട്ടുണ്ട്. സാംഖ്യ വൗച്ചർ ജനറേറ്റ് ചെയ്തിരിക്കുന്നത് നെക്സ്റ്റ്ജെൻ, ബി.എസ്.എൻ.എൽ എന്ന സ്ഥാപനത്തിന്റെ പേരിലാണ്. നെക്സ്റ്റ്ജെൻ എന്ന സ്ഥാപനമാണ് മേൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് കാണുന്നു. സാംഖ്യ വൗച്ചറിൽ സ്ഥാപനത്തിന്റെ പേര് നെക്സ്റ്റ്ജെൻ, ബി.എസ്.എൻ.എൽ എന്നാണെങ്കിലും ബില്ല് പ്രകാരം സ്ഥാപനത്തിന്റെ പേര് നെക്സ്റ്റ്ജെൻ ഡിജിറ്റൽ ടി.വി & ബ്രോഡ്ബാൻഡ് ചക്കിട്ടപ്പാറ എന്നാണ്. 12000 രൂപയുടെ സാധനങ്ങൾ മേൽ ആവശ്യത്തിനായി ഈ സ്ഥാപനത്തിൽ നിന്നും വാങ്ങുകയും 3000 രൂപ കൂലി ഇനത്തിൽ അവർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. കൊട്ടേഷൻ നടപടിയില്ലാതെയാണ് മേൽ വസ്തുക്കളും സാധനങ്ങളും വാങ്ങിയിട്ടുള്ളത്.
2. നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ, വാല്യേഷൻ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. പ്രവൃത്തി നടത്തിയ സ്ഥാപനത്തിന് തുക കൈമാറാതെ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.ഉസ്മാൻ.സി.ഇ ക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4. നിലവിലുണ്ടായിരുന്ന മോഡം, ടെർമിനേഷൻ ബോക്സുകൾ എന്നിവ പുനരുപയോഗിക്കാതെ പുതിയവ വാങ്ങിയതിലൂടെ സ്ഥാപനത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

5. പ്രവൃത്തി നിർവ്വഹിച്ച നെക്സ്റ്റ് ജെൻ എന്ന സ്ഥാപനം നെറ്റ്‌വർക്കിംഗ് മേഖലയിൽ പ്രവീണ്യമുള്ളവരോ, അനുബന്ധ ഉപകരണങ്ങളുടെ വിതരണക്കാരോ അല്ല. മേൽ സാഹചര്യത്തിലും പ്രവൃത്തി നിർവ്വഹിക്കുന്നതിന് നെക്സ്റ്റ് ജെൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 15000 രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>രേഖകളില്ലാതെ ചെലവ് നടത്തി</u>

Vr.21900302, Dt.31.12.2019

മേൽ വൗച്ചർ മുഖേന മീറ്റർ ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിൽ 29524 രൂപ സ്ഥാപനം അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സാംഖ്യ വൗച്ചറിനൊപ്പം യാതൊരു രേഖയും ഉൾകൊള്ളിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിലും മേൽ ചെലവ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസ്, വിനിയോഗ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം</u>

ചെലവുകൾ നിർവ്വഹിച്ചതിന് ശേഷം വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഉദാ - Vr. 21900423 Dt. 25.03.2020 വൗച്ചർ മുഖേനയുള്ള 7100 രൂപയുടെ വിവിധ ഓഫീസ് ചെലവുകൾ 30.07.2018 ലെ 3241588 ചെക്ക് മുഖേന നിർവ്വഹിച്ചതാണ്. എന്നാൽ മേൽ ചെലവ് സംബന്ധിച്ച വൗച്ചർ സാംഖ്യയിൽ ജനറേറ്റ് ചെയ്തത് ഏകദേശം എട്ട് മാസങ്ങൾക്ക് ശേഷമാണ്. മതിയായ വൗച്ചറുകളില്ലാതെ ചെക്ക് മുഖേന ചെലവ് നടത്തിയതിന് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഇൻകം ടാക്സ് ഫയൽ ചെയ്യുന്നതിന് ഏജൻസികൾക്ക് പണം നൽകുന്നു .</u>

ആദായനികുതി റിട്ടേൺ തയ്യാറാക്കുന്നതിന് സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുകയും പണം ചെലവഴിക്കുകയും ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ

നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ, തിയ്യതി | ഇൻകം ടാക്സ് ഫയൽ ചെയ്യുന്നതിന് വേണ്ടി ചെലവഴിച്ച തുക |
|---|---|
| 21900013, Dt.30.04.2019 | 1800 |
| 21900287, Dt.30.12.2019 | 7800 |

ഇൻകം ടാക്സ് റിട്ടേൺ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സപ്പോർട്ട് അടക്കമുള്ള സൗകര്യങ്ങൾ ഇൻകം ടാക്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സൈറ്റുകളിലും സൗജന്യമായി ലഭ്യമായിരിക്കെ വലിയ തുക റിട്ടേൺ തയ്യാറാക്കുന്നതിന് വേണ്ടി ചെലവഴിക്കുന്ന നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഫയൽ അപ്‌ലോഡ് ചെയ്യുന്നതിന് സ്ഥാപനത്തിന് സാധ്യമല്ലെങ്കിൽ മാത്രം ആയതിനു മാത്രമായി ഇത്തരം സ്ഥാപനങ്ങളുടെ സേവനം പരിമിതപ്പെടുത്തേണ്ടതും റിട്ടേൺ തയ്യാറാക്കൽ സ്ഥാപനം സ്വയം ചെയ്യേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധചെലുത്തേണ്ടതാണ്.

<u>ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നു .</u>

ചെലവുകൾ തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഒരു ഉദാഹരണം വൗച്ചർ നമ്പർ 21900013, Dt. 30.04.2019 പ്രകാരം സ്ഥാപനം 3500 രൂപ ചെലവഴിച്ചത് ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ മേൽ വൗച്ചർ പ്രകാരമുള്ള 3500 രൂപ ചെലവിൽ 1800 രൂപ ഇൻകം ടാക്സ് ഫയൽ ചെയ്യുന്നതിന് വേണ്ടിയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. ഒരു ചെക്ക് മുഖേനയുള്ള ഒന്നിലേറെ തരം ചെലവുകൾ ഒരൊറ്റ പേയ്മെന്റ് വൗച്ചർ മുഖേന സാംഖ്യയിൽ രേഖപ്പെടുത്തുന്ന പ്രവണതയും 2019-20 വർഷത്തിലുണ്ടായിരുന്നു. അപാകത വാർഷിക കണക്കുകളെ തെറ്റായി പ്രതിഫലിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കാതിരിക്കുക, വരവ് ചെലവുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്താതിരിക്കുക, ചെലവുകൾ നടന്നതിനുശേഷം വൗച്ചറുകൾ തയ്യാറാക്കുക, മതിയായ രേഖകളില്ലാതെ പേയ്മെന്റ് നടത്തുക, തെറ്റായ ശീർഷകങ്ങളിൽ ബുക്കിംഗ് നടത്തുക, ആധികാരികതയില്ലാത്ത ബില്ലുകളെ അടിസ്ഥാനപ്പെടുത്തി ചെലവ് നടത്തുക, ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരിക്കുക തുടങ്ങി ഗുരുതരമായ അപാകതകളാണ് 2019-20 വർഷത്തിലെ വൗച്ചർ പരിശോധനയിൽ കാണുന്നത്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ്

ചട്ടങ്ങൾ പാലിക്കാതെയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായിട്ടുള്ളത്. അക്കൗണ്ടന്റിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ യഥാവിധിയും കൃത്യതയോടെയും നിർവ്വഹിക്കപ്പെട്ടിട്ടില്ല. അക്കൗണ്ടന്റ് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന തരത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ നിലവിലില്ലാത്തതും അപാകതകൾക്ക് കാരണമായിട്ടുണ്ട്. ചെലവുകളുടെ ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പരാമർശിച്ച തരം അപാകതകൾ നിലനിൽക്കെ തന്നെ ചെലവുകൾക്ക് അംഗീകാരം നൽകിയതായും കാണുന്നു.

അപാകതകൾക്ക് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും ഭരണസമിതി വിശദീകരണം തേടേണ്ടതാണ്. സെക്രട്ടറി സാംഖ്യ വൗച്ചർ ലിസ്റ്റ്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയെ അടിസ്ഥാനപ്പെടുത്തി 2019-20 വർഷത്തെ ബിൽ രജിസ്റ്റർ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതും എല്ലാ ചെലവുകൾക്കും വൗച്ചറുകൾ ജനറേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന ഭൗതിക പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കാത്ത ജൂലായ് 2019 ലെ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-8 വരവ് തുകകൾ അക്കൌണ്ടിൽ ഒടുക്കിയതിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്തിലെ വരവ് തുകകൾ ഒടുക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 06.01.2020 ലെ റസീറ്റ് നമ്പർ 119080100093-96 പ്രകാരം 5538/- രൂപയുടെയും, 10.01.2020 ലെ റസീറ്റ് നം 1980100097-1980100101 പ്രകാരം 11152/- രൂപയുടെയും ക്യാഷ് വരവുണ്ട്. 07.01.2020 ന് 9244/- രൂപയും 13.01.2020 ന് 6152/-രൂപയുമായി ആകെ 15396/- രൂപ ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ അടവാക്കിയിട്ടുണ്ട്. കളക്ഷൻ തുകയുമായി 1294/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.
2. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ചെക്ക് നം 266858, 16.12.2019 തിയ്യതിയിൽ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ സാംഖ്യയിൽ വരവ് രേഖപ്പെടുത്തിയത് 01.02.2020 നാണ്. കൂടാതെ ചെക്ക് ക്യാഷ് ആയാണ് റസീറ്റ് ചെയ്തിട്ടുള്ളത്.
3. 28.02.2020 ന് ടി.എസ്.ബി എക്കൌണ്ടിൽ 4962/- രൂപ അടവാക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 കൃഷി- ചുമതലകൾ നിറവേറ്റപ്പെടുന്നില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ

പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പട്ടിക 3 പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക
- ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക
- കാർഷിക പ്രദർശനങ്ങൾ നടത്തുക
- ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക
- കാർഷിക വായ്പ സ്വരൂപിക്കുക
- പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

കഴിഞ്ഞ 5 വർഷകാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക എന്ന ചുമതലയിൽ ഉൾപ്പെടുത്താവുന്ന കർഷക ഗ്രൂപ്പുകൾക്ക് കാടുവെട്ടി യന്ത്രങ്ങൾ നൽകൽ എന്ന പദ്ധതി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയത് ഒഴിച്ചു നിർത്തിയാൽ , ഗ്രാമപഞ്ചായത്തുകൾ മുഖ്യ പങ്കാളിയായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് സ്ഥാപനം ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കാർഷിക മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന തരത്തിലുള്ള മുൻ ബന്ധം സാധ്യമാക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, യന്ത്ര വത്കരണം, എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുകയും മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്.

സംയുക്ത പ്രൊജക്റ്റുകൾ - നടപടിക്രമം പാലിക്കുന്നില്ല .

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് കൂലി ചെലവ് എന്ന ഗ്രാമപഞ്ചായത്തുകൾ മുഖ്യ പങ്കാളിയായ പദ്ധതി മുഖേന 583472 രൂപ അടങ്കൽ ചെയ്ത് 183472 രൂപ ബ്ലോക്ക് വിഹിതമായി കൈമാറി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വികസനഫണ്ട് വകയിരുത്തിയതിൽ 400000 രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് തലത്തിൽ ചെലവഴിച്ചത് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ രേഖകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.) 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 3.5.4 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ പദ്ധതി ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തതിനാലാണ് പദ്ധതി പ്രകാരം 400000 രൂപ ചെലവഴിക്കാനാകാതെ നഷ്ടപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അടങ്കലിന് ആനുപാതികമായല്ല ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടുള്ളത്. അത്തോളി ഗ്രാമപഞ്ചായത്തിന് 18700 രൂപ വകയിരുത്തിയപ്പോൾ മൂടാടി ഗ്രാമപഞ്ചായത്തിന് 250000 രൂപയാണ് വകയിരുത്തിയിട്ടുള്ളത് ഓരോ ഗ്രാമപഞ്ചായത്തിനും വകയിരുത്തിയ തുക നിശ്ചയിക്കുന്നതിന് ആധാരമാക്കിയ മാനദണ്ഡങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചേമഞ്ചേരി, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തുകളുടെ ചെലവ് വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്ത പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 3.5.4 പ്രകാരമുള്ള നടപടികൾ ഉറപ്പ് വരുത്തേണ്ടതാണ്.

1-10 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പഠന മുറി - അപാകതകൾ ആവർത്തിക്കുന്നു .

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ (നം- 56/2019-20 ) ആസൂത്രണ നിർവ്വഹണ ഘട്ടങ്ങൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി പ്രകാരം രഹന.വി.പി, D/o രവീന്ദ്രൻ, മൈക്കോട്ട് , കുളങ്ങരതാഴ, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് അവസാന വർഷ ബിരുദ വിദ്യാർത്ഥി ആയിരിക്കെയാണ് പദ്ധതി പ്രകാരം അപേക്ഷ

സമർപ്പിച്ചിട്ടുള്ളത്. 6.12.2019 തിയ്യതിയിലാണ് മുൻകൂറായി ആദ്യഗഡു അനുവദിച്ചിട്ടുള്ളത്. രണ്ടാം ഗഡു 20.04.2020 തിയ്യതിയിലാണ് അനുവദിച്ചിട്ടുള്ളത്. പഠനമുറി നിർമ്മാണം 14.01.2021 തിയ്യതിയിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗുണഭോക്താവിന്റെ കോഴ്സ് 2019-20 സാമ്പത്തിക വർഷത്തിൽ തന്നെ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൊണ്ടുള്ള ഗുണം വിദ്യാർത്ഥിനിക്ക് ലഭിച്ചിട്ടില്ലെന്നത് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഗുണഭോക്തൃ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ പഠനമുറി അനുവദിക്കുകയാണുണ്ടായിട്ടുള്ളതെന്നും സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമാണ് പ്രസ്തുത വിദ്യാർത്ഥി അവസാന വർഷ ബിരുദ വിദ്യാർത്ഥിയാണെന്ന രേഖ നിർവ്വഹണ ഉദ്യോഗസ്ഥക്ക് ലഭ്യമായിട്ടുള്ളതെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവ് നിലവിൽ മറ്റൊരു കോഴ്സ് ചെയ്യുന്നുണ്ടെന്ന വിവരവും നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

2017-18, 2018-19 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പഠനമുറി പദ്ധതി നടപ്പാക്കുന്ന സമയത്തും രഹന.വി.പി ബിരുദ വിദ്യാർത്ഥിയായിരുന്നു. എന്നാൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് തൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ച പഠനമുറി ഗുണഭോക്തൃ പട്ടികയിൽ രഹന.വി.പി, D/o രവീന്ദ്രൻ, മൈക്കോട്ട് എന്ന വിദ്യാർത്ഥിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. മേൽ വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും സമർപ്പിച്ച പട്ടികയിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഹൈ സ്കൂൾ, ഹയർ സെക്കണ്ടറി കോഴ്സുകൾ ചെയ്യുന്നവരായിരുന്നു. അർഹരായ ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി മുൻഗണനാ ക്രമം നിശ്ചയിച്ച് ആനുകൂല്യം ലഭ്യമാക്കുന്ന തരത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് സഹായകമാകുന്ന തരത്തിലുള്ള ഡാറ്റ ഗ്രാമപഞ്ചായത്തുകളുടെ കൈവശമില്ലാതിരുന്നതാണ് അപാകതക്ക് പ്രധാന കാരണമായിട്ടുള്ളത്.

2019-20 വർഷത്തെ പദ്ധതികൾക്ക് 2018-19 വർഷത്തിൽ തന്നെ ഭരണാനുമതി, ഡി.പി.സി അംഗീകാരം എന്നിവ ലഭിച്ചിട്ടുണ്ടായിരുന്നു. മേൽ സാഹചര്യത്തിലും പദ്ധതി നിർവ്വഹണവും ആദ്യ ഗഡു നൽകലും 6.12.2019 തിയ്യതിയിലാണ് നടന്നിട്ടുള്ളത്. പദ്ധതി ഗുണഭോക്താക്കളായി അവസാനവർഷ ബിരുദ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഉൾപ്പെട്ട സാഹചര്യത്തിലും വർക്കിംഗ് ഗ്രൂപ്പ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയെന്ന നിലയിലുള്ള ചുമതല നിർവ്വഹിച്ചിട്ടില്ല.

സമാനമായ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടികാണിച്ചിട്ടുള്ളതാണ്. അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. എന്നാൽ അപാകതകൾ ഓഡിറ്റ്

വർഷത്തിലും ആവർത്തിച്ചിട്ടുണ്ട്.

പഠന സൗകര്യമില്ലാത്ത പട്ടിക ജാതി വിദ്യാർത്ഥികളുടെ ഡാറ്റ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശം പട്ടികജാതി വികസന ഓഫീസർ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതും അത്തരത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി പദ്ധതി ആസൂത്രണം ചെയ്യേണ്ടതുമാണ്.

പ്രിന്റർ വാങ്ങിയതിൽ അധികം നൽകിയ തുക തിരികെ ലഭിച്ചില്ല .

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതി (നം-67/2019-20) പ്രകാരം Cprcs മുഖേന കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. പർച്ചേസ് ഓർഡർ നൽകിയ പ്രിന്റർ ലഭ്യമല്ലാത്തതിനാൽ അടവാക്കിയ തുകയേക്കാൾ 1788 രൂപ വിലകുറവുള്ള പ്രിന്ററാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ അധികം അടവാക്കിയ 1788 രൂപ ഓഡിറ്റ് തിയ്യതിവരെയും തിരികെ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ആവശ്യമായ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭ്യമാക്കാത്തതിനാൽ ഫണ്ട് ലാപ്സായി

പ്രവൃത്തി :നിരവത്ത് കോളനി കുടിവെള്ള പദ്ധതി

പ്രോജക്ട് നമ്പർ :27/20

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

എസ്റ്റിമേറ്റ് തുക : 480,000/-

എഗ്രിമെന്റ് : 7/2019-20/20-12-2019

2019-20ൽ പ്രവൃത്തി ആരംഭിച്ച പ്രോജക്ട് 2020-21ലാണ് പ്രവൃത്തി പൂർത്തീകരിച്ചത്. പ്രവൃത്തി നടന്നു കൊണ്ടിരിക്കേ മുചുകുന്ന് അകലാപുഴ റോഡ് KM 4/000 മുതൽ 450 മീറ്റർ (ഖാദി മുതൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വരെ) Berm കുഴിക്കേണ്ടതുള്ളതു കൊണ്ട് പൊതുമരാമത്ത് റോഡ് ഡിവിഷനിൽ നിന്നും അനുമതി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് അസി.എക്സി.എഞ്ചിനീയർ സെക്രട്ടറിക്ക് ഡി2/2019 തി.16-01-2020 നമ്പർ കത്തു നൽകിയിട്ടുണ്ട്. പിന്നീട് ഡി2/27/2020 തി.10-02-2020, ഡി2/27/2020 തി.02-06-2020 നമ്പർ കത്തുകൾ കൂടി അസി.എക്സി.എഞ്ചിനീയർ സെക്രട്ടറിക്ക് നൽകി.എ5-2060/20 തി.18-01-2021 നമ്പർ കത്തു പ്രകാരം പൊതുമരാമത്ത് റോഡ് ഡിവിഷനിൽ നിന്നും അനുമതി ലഭിച്ചു. 2019-20ൽ തുടങ്ങിയ പ്രോജക്ട് പിന്നീട് 2020-21 ലാണ് പൂർത്തീകരിച്ചത്. പൊതുമരാമത്ത് റോഡ് ഡിവിഷനിൽ നിന്നും അനുമതി ലഭ്യമാവാത്തതിനാലാണ് പ്രവർത്തി നീണ്ടുപോയത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.1 പ്രകാരം പ്രിലിമിലറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് പരിശോധന നടത്തി ഒരു പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ എല്ലാ ഘടകങ്ങളും പരിഗണിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.ഇവിടെ അപ്രകാരം ചെയ്യാതിരുന്നതിനാലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കേ Berm കുഴിക്കേണ്ടതുള്ളതു കൊണ്ട് പൊതുമരാമത്ത് റോഡ് ഡിവിഷനിൽ നിന്നും അനുമതി ലഭ്യമാക്കാനായി കാത്തിരിക്കേണ്ടി വന്നത്. 2019-20ൽ ആരംഭിച്ച പ്രവൃത്തി 2021-22 ലാണ് പൂർത്തീകരിച്ചത്. ഇതു കാരണം രണ്ടു വർഷം ഈ പ്രൊജക്ടിനായി വകയിരുത്തിയ തുക ലാപ്സായി പോവുകയാണുണ്ടായത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 7ന് മറുപടി നൽകിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കാനാവശ്യമായ നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

1-12 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 32 പ്രോജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രോജക്ടുകളിൽ 17 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ.

| | |
|---|---|
| ആകെ പ്രോജക്ടുകളുടെ എണ്ണം | 32 |
| തൻ വർഷം തുക ചെലവഴിച്ച പ്രോജക്ടുകളുടെ എണ്ണം | 9 |
| ക്യൂ ബില്ലിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ എണ്ണം | 6 |
| നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | 17 |

കേവലം 46.87% പ്രൊജക്ടുകൾ മാത്രമാണ്. നടപ്പിലാക്കിയത്. പകുതിയിലധികം പ്രോജക്ടുകളും നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 10 ന് മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി നടത്തിപ്പിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി, ഉദ്യോഗസ്ഥ തലം എന്നിവ കൃത്യമായ ഇടപെടൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ :30/20

പ്രോജക്റ്റ് : പകൽ വീട് (ചേമഞ്ചേരി)

ബിൽ നമ്പർ,തുക : 13/18-11-2019, 700,000/-

മേൽ ബിൽ പ്രകാരം 700,000/-രൂപ പകൽ വീട് എന്ന പ്രോജക്ടിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എ1-15/19 തി.18-11-2019 കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടെങ്കിലും നാളിതുവരേ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.പകൽ വീട് എന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട എ1-15/19 തി.18-11-2019 നമ്പർ കത്തിൽ 2017-18,2018-19 വർഷങ്ങളിലേയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാവാനുണ്ടെന്ന് പറയുന്നു.വിശദാംശം ചുവടെ.

| | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക |
|---|---|---|---|
| 2017-18 | | | |
| 1 | 75/18 | പകൽവീട് | 200,000 |
| 2 | 76/18 | മണ്ണാർകണ്ടി കുടിവെള്ള പദ്ധതി | 54,689 |
| 3 | 78/18 | പൂക്കാട് അങ്കണവാടി കെട്ടിട നിർമ്മാണം | 150,000 |
| 4 | 80/18 | വയോജന വിശ്രമ കേന്ദ്രം | 300,000 |
| 5 | 82/18 | വയലാട്ടു താഴെ കുടിവെള്ള പദ്ധതി | 100,000 |
| 6 | 56/18 | പുതുവനം കുടിവെള്ള പദ്ധതി | 300,000 |
| 7 | 91/18 | കോട്ടക്കൽ താഴെ കുടിവെള്ള പദ്ധതി | 500,000 |
| 2018-19 | | | |
| 1 | 91/19 | പുതുവനം കുടിവെള്ള പദ്ധതി | 700,000 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാവാത്ത സാഹചര്യത്തിൽ തുകകൾ തിരിച്ചടപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി

6ന് മറുപടി നൽകിയിട്ടില്ല. മേൽ ബിൽ പ്രകാരം പകൽ വീട് എന്ന പ്രോജക്ടിനായി ചെലവഴിച്ച 700,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ :100/20

പ്രോജക്ട് : ഡി പി സി കെട്ടിടത്തിന് തുക കൈമാറൽ

ബിൽ നമ്പർ, തുക : 38/29-02-2020, 50,000/-

മേൽ ബിൽ പ്രകാരം 50,000/-രൂപ ഡി പി സി കോൺഫറൻസ് ഹാൾ നവീകരണത്തിനായി ഡി പി സിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഡി പി സിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. എന്ന ഓഡിറ്റ് എൻക്വയറി 6ന് മറുപടി നൽകിയിട്ടില്ല. മേൽ ബിൽ പ്രകാരം ഡി പി സി കോൺഫറൻസ് ഹാൾ നവീകരണത്തിനായി ഡി പി സിക്ക് കൈമാറിയ 50,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 വർഷങ്ങൾ കഴിഞ്ഞും പണി പൂർത്തീകരിച്ചില്ല : നടപടികൾ സ്വീകരിച്ചില്ല

പ്രവർത്തി :തണ്ടാർ കുന്നുമ്മൽ കുടിവെള്ള പദ്ധതി

പ്രൊജക്ട് നമ്പർ :72/20

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

അടങ്കൽതുക : 434378/-

എഗ്രിമെന്റ് : 5/2018-19/24-09-2018

ആകെ പ്രവൃത്തി മൂല്യം : 186801/-

ബിൽ നമ്പർ,തുക : 4/30-04-2019, 48,228/-

ബിൽ നമ്പർ,തുക : 10/06-09-2019, 68,280/-

2018-19ൻ നൽകിയത് : 65,622/-

കോൺട്രാക്ടർ : അത്തോളി ലേബർ കോൺട്രാക്ട് സഹകരണ സംഘം

2018-19ൽ പ്രവൃത്തി ആരംഭിച്ച പ്രോജക്ടിന് നാളിതുവരെ 171,730/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരേയായിട്ടും (ഓഡിറ്റ് തിയ്യതി വരേയും) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എം.ബുക്ക് 77/17-18 പേജ്

നമ്പർ 16 ലാണ് അവസാനമായി പ്രവർത്തി നടത്തിയതിന്റെ അളവെടുത്തത്. 21-05-2019ലാണ് അത്. ഇതിനു ശേഷം യാതൊരു പ്രവൃത്തിയും പിന്നീട് നടക്കുകയുണ്ടായിട്ടില്ല. എഗ്രിമെന്റ് പ്രകാരം 23-03-2019ന് പൂർത്തീകരിക്കേണ്ട പ്രവർത്തിയായിരുന്നു ഇത്. 15-03-2019 ലെ അപേക്ഷ പ്രകാരം കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ച് നൽകി. ഇതു പ്രകാരം 23-09-2019ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും, കാലാവധി ദീർഘിപ്പിച്ച കാലാവധി കഴിഞ്ഞ് രണ്ട് വർഷവും രണ്ട് മാസവും കഴിഞ്ഞിട്ടും അവസാനമായി പ്രവൃത്തി നടത്തിയ 21-05-2019ലെ പണിക്ക് ശേഷം യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. അസി.എക്സി.എഞ്ചിനീയറുടെ 13-10-2020ലെ ഡി.1/97 /2020-21,അസി.എഞ്ചിനീയറുടെ 01-03-2021ലെ എ.ഇ.1/2020-21 എന്നീ കത്തു പ്രകാരം പണി പൂർത്തീകരിക്കാനാവശ്യ പ്പെട്ടെങ്കിലും കരാറുകാരൻ മറുപടി നൽകിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 പ്രകാരം പരമാവധി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നത് ഒറിജിനൽ സമയത്തിന്റെ 50 ശതമാനമാണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.2 പ്രകാരം കരാറുകാരൻ കുറച്ച് പണി ചെയ്ത ശേഷം മതിയായ കാരണമില്ലാതെ ഒഴിവാക്കി പോവലും പുനരാരംഭിക്കാതിരിക്കലും പൂർത്തീകരിക്കാതിരിക്കലും ചെയ്താൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.2.1 പ്രകാരം കരാറുകാരനിൽ നിന്നും അവശേശഷിക്കുന്ന പണിയുടെ 30 ശതമാനം തുക തിരിച്ചുപിടിക്കണം. പ്രവൃത്തി മറ്റൊരാളെ ഏൽപ്പിക്കുന്നതിനും ടിയാൻ പ്രവൃത്തി പൂർത്തിയാക്കി നഷ്ടം തിട്ടപ്പെടുത്താനും കാത്തുനില്ക്കേണ്ടതില്ല. നഷടം വല്ലതും ഉണ്ടെങ്കിൽ ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബിൽ തുക/റിട്ടെൻഷൻ തുക/ഏതെങ്കിലും തുക നൽകാനുള്ളതിൽ നിന്ന്/ബാങ്ക് ഗ്യാരന്റി / പെർഫോമൻസ് ഗ്യാരന്റി /സിവിൽ കേസ് ഫയൽ ചെയ്ത് എന്നീ മാർഗ്ഗങ്ങളിലൂടെ ഈടാക്കേണ്ടതാണ്. ഇവിടെ അടങ്കൽതുകയായ 434,378/-രൂപയിൽ ആകെ പ്രവൃത്തി മൂല്യമായ 186,801/- രൂപയുടെ പണിയാണ് പൂർത്തിയായത്. ഇത് കിഴിച്ചുള്ള 247,577/- രൂപയുടെ 30 ശതമാനം തുകയായ 74,273/-രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബ്ളോക്ക് പഞ്ചായത്തിലെ സ്ഥിരം കോൺട്രാക്ടുകാരായ അത്തോളി ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിൽ നിന്നും 74,273/-രൂപ ഈടാക്കുകയോ ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 5ന് മറുപടി നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പൂർത്തീകരിക്കാത്തതു കാരണം 2018-19ൽ പ്രവൃത്തി ആരംഭിച്ച പ്രോജക്ടിന് നാളിതുവരേ ചെലവഴിച്ച 171,730/- രൂപ പാഴ്ച്ചെലവായിരിക്കുകയാണ്. ഇക്കാരണത്താലും അത്തോളി ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിൽ നിന്നും 74,273/-രൂപ ഈടാക്കാത്തതിനാലും തൻവർഷം ഈ പ്രോജക്ടിനായി ബിൽ നമ്പർ 4/30-04-2019 പ്രകാരം ചെലവഴിച്ച 48,228/- രൂപയും ബിൽ നമ്പർ

10/06-09-2019 പ്രകാരം ചെലവഴിച്ച 68,280/- രൂപയും ആകെ 116,508 രൂപ തടസ്സത്തിൽ വെക്കുന്നു. അത്തോളി ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിൽ നിന്നും 74,273/- രൂപ ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1.പാലിയേറ്റീവ് പരിചരണ പദ്ധതികൾ

പ്രോജക്ട് നം-45/2019-20

അടങ്കൽ-1000000/-(പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് -1000000/-(ബിൽ നം-03/2019-20 തിയ്യതി-17.08.2019 തുക-1000000/-)

പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകൾക്ക് 200000/- രൂപ വീതം കൈമാറുകയാണ് ചെയ്തിട്ടുള്ളത് (NEFT-17.08.2019). തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.കുടുംബ ആരോഗ്യ കേന്ദ്രം ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്ത്- തുക കൈമാറൽ

പ്രോജക്ട് നം-46/2019-20

അടങ്കൽ-200000/-(പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് -200000/-(ബിൽ നം-04/2019-20 തിയ്യതി-17.08.2019 തുക-200000/-)

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് കുടുംബ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് 200000/- രൂപ കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രോജക്ട് സംബന്ധിച്ച രേഖകൾ, ഗ്രാമപഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 52000 | വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്കുള്ള അധിക വിഹിതം | 70000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹ്യത | ഖണ്ഡിക | വിഷയം | നിലവിലെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല | കേസ് നടപടികൾ ത്വരിത പ്പെടുത്താൻ ശുപാർശ ചെയ്തു. (LFAC) |
| 2003-04 | 3-1 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | LFAC ഒഴിവാക്കാൻ ശുപാർശ ചെയ്തത് പ്രകാരം കെ.എസ്.എ. കെ.കെ.ഡി/ എസ്-1/1065/2019 തി.16.09.2019 കത്ത് പ്രകാരം ഒഴിവാക്കി |
| 2003-04 | 3-4 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | |
| 2003-04 | 3-6 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27664557 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27325336 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,81,508 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 15000 | ശ്രീ.എ.ടി.മനോജ്കുമാർ<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്. |
| 1-13-1 | 700000 | ശ്രീ.മുരളീധരൻ.ഒ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13-2 | 50000 | ശ്രീ.എ.ടി.മനോജ്കുമാർ<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്. |
| 1-14 | 116508 | ശ്രീമതി.സുമിത.കെ.ബി<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>തുക-48228/-<br>ശ്രീ.മുരളീധരൻ.ഒ.<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>തുക-68280 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.മുരളീധരൻ.ഒ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പന്തലായനി ബ്ലോക്ക് | നന്ദനം, തോട്ടത്തിൽ, മേലൂർ, കൊയിലാണ്ടി |
| ശ്രീ. എ.ടി. മനോജ്കുമാർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്. | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പന്തലായനി | ചോയിമഠത്തിൽ(വീട്), കിഴക്കുമുറി പി.ഒ, കക്കോടി (വഴി) |
| ശ്രീമതി.സുമിത.കെ.ബി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ. എൽ.എസ്.ജി.ഡി ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | അമ്പർനാദ്, വില്ല നം-15, കാസിൽ റോക്ക്, ചേവായൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, വിവരം |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6)/09.03.15 | 3<br>3-1, 3-2 ,3-4 (3 ഖൺഡികകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്നു) |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7)/09.03.15 | 1<br>3-1(3) |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/2217/16/03.06.2017 | 3<br>3-12 ( സെക്രട്ടറിയെ ചുമതലപ്പട്ടുത്തി) 3-15, 3-17 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16/03.06.2017 | 3<br>3-11, 3-14, 3-15 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16/03.06.2017 | 3<br>3-4, 3-5, 3-8 (സെക്രട്ടറിയെ ചുമതലപ്പെട്ടുത്തി) |

| | | |
|---|---|---|
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/3261/16/03.06.2017 | 3<br>3-7, 3-8, 3-9 |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/03.06.2017 | 2<br>3-1, 3-8 (3) |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/ 03.06.2017 | 8<br>3-1, 3-2, 3-3, 3-4, 3-9, 3-10, 3-12, 3-13 |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി പി 7/1294/17/08.02.2018 | 8<br>3-4, 3-6, 3-7, 3-9, 3-13, 3-19, 3-23, 3-28 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി പി11/857/2021/14.07.2021 | 3<br>3-2, 3-4, 3-5 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി പി11/43/20/13.05.2020 | 14<br>1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 (എ), 3-7, 3-8, 3-9, 3-10(സി) |
| 2018-19 | | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്